**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീമതി ചാത്തോലി നഫീസ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ (സി) നം. 5437/2016 ലെ ബഹു. ഹൈക്കോടതിയുടെ 07.02.2019 ലെ വിധിന്യായം നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം. 1033/2019/ത.സ്വ.ഭ.വ　　　തീയതി, തിരുവനന്തപുരം : 23.05. 2019

പരാമർശം :- 1. 18.02. 2014 ലെ സ.ഉ. (സാധാ) നം. 450/2014/ത.സ്വ.ഭ.വ.

2. ശ്രീ. മുഹമ്മദ് എന്ന ബാപ്പുട്ടി മുതൽ പേർ സമർപ്പിച്ച 10.07.2014 ലെ പരാതി.
3. മലപ്പുറം ജില്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 12.09.2014 ലെ ഡി 11 - 15637/14 നമ്പർ കത്ത്.
4. സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഹെഡ്ക്വാർട്ടേർസ് ടീമിന്റെ അന്വേഷണ റിപ്പോർട്ട്.
5. 02.12.2015 ലെ സ.ഉ. (സാധാ) നം. 3601/2015/ത.സ്വ.ഭ.വ.
6. റിട്ട് പെറ്റീഷൻ ( സി ) നം. 5437/2016 ലെ ബഹു. ഹൈക്കോടതിയുടെ 07.02.2019 ലെ വിധിന്യായം.

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് വക കുടിവെള്ള കിണർ സ്ഥിതി ചെയ്യുന്ന, തൃക്കലങ്ങോട് വില്ലേജിലെ സർവ്വെ നം. 102/3 ബി (റീസർവ്വെ നം. 1/9) യിൽപ്പെട്ട 1.5 സെന്റ് സ്ഥലവും ശ്രീമതി ചാത്തോലി നഫീസയുടെ ഉടമസ്ഥതയിലുള്ള സർവ്വെ നം. 129/1 (റീസർവ്വെ നം. 8/1) ൽപ്പെട്ട 2.5 സെന്റും അതിലേക്ക് 4 അടി വീതിയുള്ള വഴിയുമുൾപ്പെടെയുള്ള സ്ഥലവും പരസ്പരം കൈമാറുന്നതിന് പരാമർശം (1) ഉത്തരവ് പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു.

2. പ്രസ്തുത വസ്തുക്കളുടെ പരസ്പരകൈമാറ്റത്തിലൂടെ പഞ്ചായത്തിന് വൻ നഷ്ടം സംഭവിക്കും എന്നതിനാൽ പരാമർശം (1) ലെ സർക്കാർ ഉത്തരവ് പുന:പരിശോധിക്കണമെന്നാവശ്യപ്പെട്ട് ഏഴ് പഞ്ചായത്ത് മെമ്പർമാർ പരാമർശം (2) പ്രകാരം സമർപ്പിച്ച പരാതിയിന്മേൽ പരാമർശം (3) പ്രകാരം മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറും പരാമർശം (4) പ്രകാരം തദ്ദേശ സ്വയംഭരണ പെർഫോമൻസ് ഓഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീമും ലഭ്യമാക്കിയ റിപ്പോർട്ടുകളിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ, പരാമർശം (1) ഉത്തരവ് റദ്ദ് ചെയ്തുകൊണ്ട് പരാമർശം (5) ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

3. ഇതിനെതിരെ ശ്രീമതി ചാത്തോലി നഫീസ ഫയൽ ചെയ്ത റിട്ട് പെറ്റീഷനിൽ ,

Statutory Authority ഒരു ഉത്തരവ് പ്രകാരം ഒരിക്കൽ അനുവദിച്ച നൽകിയ ആനുകൂല്യം തിരിച്ചെടുക്കുന്നതിന് മുമ്പ് കേൾക്കുവാനുള്ള അവസരം നൽകേണ്ടതായിരുന്നു എന്നതിനാൽ, ഹർജിക്കാരിയെ കേൾക്കാതെ പുറപ്പെടുവിച്ച പരാമർശം (5) ലെ ഉത്തരവ് റദ്ദാക്കിക്കൊണ്ടും വിധിപകർപ്പ് കൈപ്പറ്റി മൂന്ന് മാസത്തിനകം ഹർജിക്കാരിക്കും നാലാം എതിർകക്ഷിക്കും ഗ്രാമ പഞ്ചായത്തിനും ഹിയറിംഗ് നോട്ടീസ് നൽകി ടി വിഷയം വീണ്ടും പരിഗണിക്കുന്നതിന് സർക്കാരിനോട് നിർദ്ദേശിച്ചു കൊണ്ടും പരാമർശം (6) പ്രകാരം ബഹു . ഹൈക്കോടതി വിധിന്യായം പുറപ്പെടുവിച്ചു.

4. പ്രസ്തുത വിധിന്യായം നടപ്പാക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ചുമതലപ്പെടുത്തിയതിൻ പ്രകാരം, തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 11.04.2019 ൽ ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുകയുണ്ടായി. ഹർജിക്കാരിക്കു വേണ്ടി അഡ്വ. കെ. വി. രാജേന്ദ്രൻ, നാലാം എതിർ കക്ഷിയായ ശ്രീ. എൻ. പി. മുഹമ്മദ്, തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി (ഇൻ ചാർജ്) എന്നിവർ പ്രസ്തുത ഹിയറിംഗിൽ ഹാജരാവുകയും സ്റ്റേറ്റ്മെന്റുകൾ സമർപ്പിക്കുകയും ചെയ്തു.

5. പഞ്ചായത്ത് വക കിണർ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റേയും പകരം നൽകാമെന്ന് സമ്മതിച്ചിട്ടുള്ള സ്ഥലത്തിന്റേയും വിലയിലുള്ള വ്യത്യാസം ശ്രീമതി ചാത്തോലി നഫീസ ഒടുക്കേണ്ടതാണ് എന്ന പരാമർശം (1) ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ടി വസ്തുക്കളുടെ വില്ലേജ് ഓഫീസറുടെ വില നിർണ്ണയ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വില വ്യത്യാസമായ ₹ 24,400/- (ഇരുപത്തിനാലായിരത്തി നാനൂറ് രൂപ മാത്രം) ഹർജിക്കാരി 25.04.2014 ൽ തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളതാണ് എന്നും ലാന്റ് റിലിംഗ്വിഷ്മെന്റ് ഫോറം ഗ്രാമ പഞ്ചായത്തിൽ സമർപ്പിച്ചിട്ടുള്ളതാണ് എന്നും പഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയുണ്ടായി. പഞ്ചായത്ത് കിണർ സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് പകരമായി വിട്ടുനൽകാമെന്ന് സമ്മതിച്ചിട്ടുള്ള 2.5 സെന്റ് ഭൂമിയിലേക്ക് 4 അടി വീതിയിലുള്ള വഴി പോരായെന്നും വാഹനം പോകത്തക്ക തരത്തിൽ വീതിയുള്ള വഴി വിട്ടു തരാൻ കക്ഷി തയ്യാറാണോ എന്ന് അന്വേഷിക്കുവാനും, ആയത് വിട്ടുതരുന്ന പക്ഷം പഞ്ചായത്ത് വക സ്ഥലം വിട്ടു നൽകുന്ന കാര്യം പരിഗണിക്കാം എന്നും 09.04.2019 ൽ തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് കമ്മിറ്റി, ആറ് അംഗങ്ങളുടെ വിയോജന കുറിപ്പോടെ തീരുമാനമെടുത്തിട്ടുണ്ട് എന്നും പഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയുണ്ടായി.

6. പഞ്ചായത്തിന് പകരം നൽകുന്ന സർവ്വെ നം.129/1 (റീസർവ്വെ നം. 8/1) ൽപ്പെട്ട വസ്തുവിലേയ്ക്കുള്ള വഴിയുടെ വീതി 4 അടി എന്നതിൽ നിന്നും 8 അടിയായി കൂട്ടുന്നതിന് ആവശ്യമായി വരുന്ന അധിക സ്ഥലം കൂടി പഞ്ചായത്തിന് വിട്ടു നൽകുന്നതിനുള്ള സമ്മതപത്രം ഹർജിക്കാരി സമർപ്പിക്കുകയുണ്ടായി.

7. പ്രസ്തുത വസ്തു പരസ്പര കൈമാറ്റത്തിലൂടെ പഞ്ചായത്തിന് കനത്ത ധനനഷ്ടം ഉണ്ടാകുമെന്നതിനാൽ അതിന് അനുമതി നൽകരുതെന്ന് നാലാം എതിർകക്ഷി

ആവശ്യപ്പെടുകയുണ്ടായി.

8. പ്രസ്തുത വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് വക കിണർ സ്ഥിതിചെയ്യുന്ന തൃക്കലങ്ങോട് വില്ലേജിലെ സർവ്വെ നം. 102/3 ബി ( റീസർവ്വെ നം. 1/9) ൽപ്പെട്ട സ്ഥലം മഞ്ചേരി - വണ്ടൂർ റോഡിനോട് ചേർന്ന് സ്ഥിതിചെയ്യുന്നതാണ്. ടി സ്ഥലത്തിന് പകരമായി പഞ്ചായത്തിന് നൽകാമെന്ന് സമ്മതിച്ചിട്ടുള്ള ഹർജിക്കാരിയുടെ ഉടമസ്ഥതയിലുള്ള, സർവ്വെ നം. 129/1 ( റീസർവ്വെ നം. 8/1) ൽപ്പെട്ട സ്ഥലം പഞ്ചായത്ത് റോഡിൽ നിന്നും 50 മീറ്ററോളം ഉള്ളിലായി സ്ഥിതി ചെയ്യുന്നതും റവന്യു രേഖകൾ പ്രകാരം ' നിലം ' തരമായിട്ടുള്ളതുമാണ്. പഞ്ചായത്തിന് പകരം നൽകുന്ന സ്ഥലത്തിലേക്ക് 4 അടി വീതിയുള്ള വഴിക്ക് പകരം 8 അടി വീതിയുള്ള വഴി ലഭിക്കുകയാണെങ്കിലും പരാമർശം (5) ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അടിസ്ഥാനമായ അന്വേഷണ റിപ്പോർട്ടുകളിലെ ചുവടെ കൊടുത്തിട്ടുള്ള നിരീക്ഷണങ്ങൾ നിലനിൽക്കുന്നതാണ്.

i. പഞ്ചായത്തും സ്വകാര്യ വ്യക്തികളും തമ്മിൽ പരസ്പരം വസ്തുക്കൾ കൈമാറ്റം ചെയ്യുന്നതിന് വ്യക്തമായ ചട്ടങ്ങൾ നിലവിലില്ല. 2005 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിക്കലും) ചട്ടങ്ങൾ പരസ്പരമുള്ള കൈമാറ്റത്തിന് ബാധകമാണെന്ന് വ്യാഖ്യാനിച്ചാൽ തന്നെ ഒരു തദ്ദേശ സ്വയംഭരണ സ്ഥാപനം, വസ്തു ആർജ്ജിക്കുകയോ കൈയ്യൊഴിയുകയോ ചെയ്യേണ്ടത് ഏതെങ്കിലും ഒരു പദ്ധതിയുടെ ഭാഗമായി മാത്രമാണ്. ഈ വിഷയത്തിൽ ശ്രീമതി നഫീസ ചാത്തോലിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് നടപടി ക്രമങ്ങൾ ആരംഭിക്കുകയും, അനുമതി നേടിയെടുക്കുകയും ചെയ്തത്. കുടിവെള്ള പദ്ധതി എന്ന ഉപാധി പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടതാണ്. കൂടാതെ, ഈ വസ്തു കൈമാറ്റം, പദ്ധതിയുടെ ഭാഗമാകണമെങ്കിൽ, പഞ്ചായത്ത് ഒരു കുടിവെള്ള പദ്ധതി ആവിഷ്കരിക്കുകയും, പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ഇപ്പോൾ ശ്രീമതി നഫീസ ചാത്തോലി നൽകാമെന്നു പറയുന്ന സ്ഥലം തന്നെ പ്രസ്തുത പദ്ധതിയ്ക്ക് അനിവാര്യമാണെന്ന സാഹചര്യവും ഉണ്ടായിരിക്കണം. എന്നാൽ പഞ്ചായത്തിന് അപ്രകാരമൊരു പദ്ധതി പോലും ഇപ്പോഴില്ല.

ii. കാരക്കുന്ന് പ്രദേശത്തെ 5 - ഉം 6 - ഉം വാർഡുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനുള്ള പദ്ധതി ഇപ്പോൾ ചൂണ്ടിക്കാണിച്ചിട്ടുള്ള സ്ഥലത്ത് ആരംഭിക്കുന്ന പക്ഷം, ക്രമേണ പാഴായിപ്പോവുകയും, പദ്ധതി ഫലവത്താക്കാൻ പഞ്ചായത്ത് അധികം ധനവ്യയം ചെയ്യേണ്ടി വരികയും ചെയ്യും. ക്രമേണ പാഴ് ചെലവിലേയ്ക്ക് നീങ്ങാവുന്ന ഒരു പദ്ധതിയാണിത്.

iii. പഞ്ചായത്തിന് ഒരു കുടിവെള്ള പദ്ധതി ആരംഭിക്കുവാൻ മറ്റു വിധത്തിൽ എല്ലാ സാധ്യതകളും ഉണ്ടായിരിക്കെ, പഞ്ചായത്തിന്റെ താത്പര്യങ്ങൾക്ക് ഗുണകരമല്ലാത്തതും, അനുചിതവുമായ സ്ഥലത്ത് പദ്ധതി തുടങ്ങാൻ നിർബന്ധിപ്പിക്കപ്പെടുന്ന സാഹചര്യങ്ങൾ ഒന്നും നിലവിലില്ല.

iv. ശ്രീമതി നഫീസ ചാത്തോലി താമസിച്ചു വരുന്നത് നിലവിലുള്ള പഞ്ചായത്ത് കിണറിന് സമീപത്തല്ല. ആയതിനാൽ , ടിയാളുടെ കുടിവെള്ള

ആവശ്യങ്ങൾക്കായാണ് ഈ അപേക്ഷ സമർപ്പിക്കപ്പെട്ടത് എന്നത് അംഗീകരിക്കാനാവാത്തതാണ്. വ്യക്തമായ വാണിജ്യ താൽപര്യത്തോടെയാണ് ഈ അപേക്ഷ പഞ്ചായത്തിന് സമർപ്പിച്ചത്.

v. പഞ്ചായത്തിന് കൈമാറാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ വിശദമായ മഹസ്സർ തയ്യാറാക്കാത്തതിനാൽ ആദ്യം ചൂണ്ടിക്കാണിച്ച സ്ഥലമല്ല ഇപ്പോൾ കൈമാറാമെന്ന് സമ്മതിച്ചിട്ടുള്ളത് എന്ന ആരോപണം പ്രസക്തമാണ്.

9. പ്രസ്തുത സാഹചര്യത്തിൽ, തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത് വക കുടിവെള്ള കിണർ സ്ഥിതി ചെയ്യുന്ന തൃക്കലങ്ങോട് വില്ലേജിലെ സർവ്വെ നം. 102 /3 ബി ( റീസർവ്വെ നം. 1/9) ൽപ്പെട്ട 1.5 സെന്റ് സ്ഥലവും ശ്രീമതി ചാത്തോലി നഫീസയുടെ ഉടമസ്ഥതയിലുള്ള സർവ്വെ നം. 129/1 (റീസർവ്വെ നം. 8/1) ൽപ്പെട്ട 2.5 സെന്റും അതിലേക്ക് 4 അടി വീതിയുള്ള വഴിയുമുൾപ്പെടെയുള്ള സ്ഥലവും പരസ്പരം കൈമാറുന്നതിന് അനുമതി നൽകി പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് റദ്ദാക്കിക്കൊണ്ട് വീണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. പരാമർശം (6) ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ടി. കെ. ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

അഡ്വക്കേറ്റ് ജനറൽ, കേരളം [ആമുഖ കത്ത് സഹിതം].
ശ്രീമതി ചാത്തോലി നഫീസ , W/o. കുഞ്ഞാലൻ ഹാജി , വളപ്പിൽ ഹൗസ് ,
കാരക്കുന്ന്.പി.ഒ., മലപ്പുറം.
സെക്രട്ടറി , തൃക്കലങ്ങോട് ഗ്രാമ പഞ്ചായത്ത്, മലപ്പുറം - 676 123.
ശ്രീ എൻ. പി .മുഹമ്മദ്, നെല്ലിപ്പറമ്പൻ വീട്, തൃക്കലങ്ങോട്.പി.ഒ., മലപ്പുറം - 676 123.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( ഓഡിറ്റ് / എൽ.ബി.എ / എ & ഇ ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ